കേരള സർക്കാർ

**ഭരണഭാഷ – മാതൃഭാഷ**

DFTVM/4076/2024-N2

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:06-02-2025
ഇ-മെയിൽ:fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ഫിഷറീസ്-GRFTHS വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യ സംരക്ഷണം ഉറപ്പ വരുത്തുന്നതിന് ക്ലിനിക്കൽ സൈക്കോളജി കൌൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നത് -സമയം ദീർഘിപ്പിച്ചും, യോഗ്യത പരിഷ്കരിച്ചും - അറിയിപ്പ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 18/01/2025 തീയതിയിലെ DFTVM/4076/2024-N2 നമ്പർ കത്ത്.

************

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ ഹൈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസിക സമ്മർദം, പരീക്ഷാപേടി എന്നിവ അകറ്റി പഠന നിലവാരം ഉയർത്തുന്നതിന് എല്ലാ ഫിഷറീസ് സ്കൂളിലും ഓരോ കൌൺസിലറെ നിയമിക്കാൻ തീരുമാനിച്ചിരിക്കുന്നു. നിശ്ചിത യോഗ്യത ഉള്ളവരെ കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 27000/- രൂപ നിരക്കിൽ നിയമിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്നതിന് സൂചനാ കത്തിൽ ലഭ്യമാക്കിയ തീയതിയും യോഗ്യതകളും പരിഷ്കരിച്ച് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2025 ഫെബ്രുവരി 12 വൈകുന്നേരം 5 മണി ആയി നിശ്ചയിച്ചിരിക്കുന്നു. തുടർന്ന് ലഭ്യമാകുന്ന അപേക്ഷ പ്രകാരം പരീക്ഷ/സ്ക്രീൻ ടെസ്റ്റ്/അഭിമുഖം, അസ്സൽ സക്ഷ്യപത്രങ്ങളുടെ പരിശോധന എന്നിവ തിരുവനന്തപുരത്തുള്ള ഫിഷറീസ് ആസ്ഥാന കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.അപേക്ഷകൾ ചുവടെ ചേർക്കുന്ന വിലാസത്തിൽ ഇ-മെയിൽ മുഖേനയോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.
NB:- അഭിമുഖത്തിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് TA/DA നല്കുന്നതല്ല.

ഫിഷറീസ് ഡയറക്ടർ
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം -33
fisheriesdirector@gmail.com

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പരിഷ്കരിച്ച വിജ്ഞാപനം വ്യാപക പ്രചാരണത്തിനായി

നൽകുന്നു.കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിലോ വകുപ്പ് വെബ് സൈറ്റിലോ (https://fisherieskerala.gov.in )ബന്ധപ്പെടാവുന്നതാണ്.

ഫോൺ:- 0471-2305042

വിശ്വസ്തതയോടെ,

Signed by
Smitha. R. Nair
Date: 06-02-2025 20:04:01

SMITHA R NAIR
ADDITIONAL DIRECTOR OF FISHERIES

കേരള ഫിഷറീസ് വകുപ്പിൻ്റെ കീഴിൽ റസിഡൻഷ്യൽ രീതിയിൽ 9 തീരദേശങ്ങളിലായി പ്രവർത്തിച്ചു വരുന്ന 10 GRFTHS കളിൽ വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം വികസിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമായി താഴെ പറയുന്ന യോഗ്യതയും അനുഭവ സമ്പത്തുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യതകൾ

1. പ്രായം 25 നും 45 നും ഇടയിൽ
2. PG in psychology / counselling or Clinical Psychology or MSW (medical and psychiatry)
3. സർക്കാർ മേഖലയിൽ കൗൺസിലിംഗ് നടത്തിയിട്ടുള്ള 3 വർഷത്തെ പ്രവർത്തി പരിചയം
4. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് / മേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന

രണ്ടു സമീപ ജില്ലകൾക്ക് ഒരു കൗൺസിലർ എന്ന രീതിയിലാണ് നിയമനം. സ്കൂൾ പ്രവർത്തി ദിനങ്ങളിലും സ്കൂൾ അവധി സമയത്തും ഓൺലൈൻ/ ഭവന സന്ദർശനം, ക്യാമ്പുകൾ എന്നിവ ഉൾപ്പെടെ സംഘടിപ്പിച്ച് കൗൺസിൽ നടത്തുന്നതിന് കൗൺസിലർ തയ്യാറായിരിക്കണം.

FOR MORE DETAILS , CONTACT ON :0471 2525200